# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4714 — 19.05.2017-ന് മറുപടിയ്ക്ക്

## പിന്നാക്ക സമുദായ വികസന കോർപ്പറേഷന്റെ സേവനങ്ങൾ

**ചോദ്യം**

**ശ്രീ. മുല്ലക്കര രത്നാകരൻ :**

സംസ്ഥാന പിന്നാക്ക സമുദായ വികസന കോർപ്പറേഷൻ തൊഴിൽ സംരംഭകർക്കായി ചെയ്തുവരുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

**മറുപടി**

**ശ്രീ. എ. കെ. ബാലൻ**
(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി) സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി ലളിതമായ വ്യവസ്ഥയിലും വളരെ കുറഞ്ഞ പലിശ നിരക്കിലും വായ്പ അനുവദിച്ച് വരുന്നു. ഒ.ബി.സി. വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വായ്പാ പദ്ധതികൾ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) വായ്പ വിനിയോഗിച്ചാണ് നടപ്പിലാക്കുന്നത്. വായ്പയെടുത്ത് സംരംഭം ആരംഭിച്ച വ്യക്തികൾക്ക് അത് വിപുലീകരിക്കാൻ തുടർ വായ്പ ലഭിക്കുന്നതാണ്. പ്രവർത്തന മൂലധന വായ്പാ പദ്ധതിപ്രകാരം 8% പലിശയ്ക്ക് 3 ലക്ഷം രൂപ വായ്പയായി അനുവദിക്കും. സ്വയം തൊഴിൽ വായ്പ തിരിച്ചടവ് പൂർത്തിയായ ശേഷമേ തുടർ വായ്പ ലഭിക്കുകയുള്ളൂ. ഇതിന് പുറമേ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് സംരംഭകത്വ പരിശീലന പരിപാടികൾ കോർപ്പറേഷൻ സംഘടിപ്പിച്ചു വരുന്നു.

കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് സംരംഭങ്ങൾ ആരംഭിച്ച ഗുണഭോക്താക്കൾക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും, വിപണനവും നടത്തുന്നതിന് സഹായകമാകുന്ന വിധത്തിൽ പ്രദർശന വിപണന മേളകൾ

(.....2)

കോർപ്പറേഷൻ സംഘടിപ്പിച്ച് വരുന്നു. ഗുണഭോക്താക്കൾക്ക് സ്റ്റാളുകൾ സൗജന്യമായി അനുവദിക്കുന്നതിന് പുറമേ, ദിന ബത്തയും കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും സമാന ഏജൻസികൾ / ദേശീയ ഏജൻസികൾ സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിനും ഗുണഭോക്താക്കൾക്ക് അവസരം നൽകിവരുന്നു. ഇത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

സൗജന്യം



## വായ്പാ പദ്ധതികൾ

മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതി

(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ള 18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്ക്)

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി (മാസ തവണകൾ) |
|---|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷം രൂപവരെ - 6%<br>5 ലക്ഷത്തിനുമുകളിൽ- 7% | 2 ലക്ഷം രൂപ വരെ - 60 മാസം<br>2 മുതൽ 5 ലക്ഷം വരെ - 72 മാസം<br>5 ലക്ഷത്തിനുമുകളിൽ - 84 മാസം |

**മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, കൃസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) NMDFC പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി (മാസ തവണകൾ) |
|---|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1<br>**(ഗ്രാമങ്ങളിൽ 81,000/- രൂപയിലും, നഗരങ്ങളിൽ 1,03,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ള 18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്ക്)** | 20 ലക്ഷം രൂപ | 6% | 60 മാസം |
| 2. സ്വയം തൊഴിൽ പദ്ധതി - 2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള 18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്ക്)** | 30 ലക്ഷം രൂപ | പുരുഷൻമാർ - 8%<br>സ്ത്രീകൾ - 6% | 60 മാസം |

സെക്ഷൻ ഓഫീസർ